# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ്-കേരള സംസ്ഥാന ജൈവ കാർഷിക നയം-സംസ്ഥാനത്ത് കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

---

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ(എം.എസ്) നം. 22/2011/കൃഷി　　　　തിരുവനന്തപുരം, തിയ്യതി 17.01.11.

---

പരാമർശം:- 1. 10.02.2010ലെ സ.ഉ(പി)നമ്പർ 39/2010/കൃഷി
2. 26.08.2001 ലെ ജി.ഒ(ആർ.റ്റി) നം. 1422/2001/കൃഷി
3. 31.10.2006ലെ കേന്ദ്ര സർക്കാരിൻെറ എസ്.ഒ 1874(ഇ)നമ്പർ വിജ്ഞാപനം.
4. 02.12.2010ലെ സ.ഉ. (എം.എസ്)നം. 310/2010/കൃഷി
5. 1/11/11ൽ കൃഷി മന്ത്രി നടത്തിയ യോഗത്തിൻെറ നടപടി കുറിപ്പ്

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ജൈവ കാർഷിക നയം ഭേദഗതി ചെയ്ത് പുതുക്കിയ നയരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻ പ്രകാരം ജൈവകൃഷി നയത്തിൻെറ ഭാഗമായി സംസ്ഥാനത്തെ കാർഷിക മേഖലയെ 10 വർഷം കൊണ്ട് പൂർണ്ണമായും ജൈവകൃഷി രീതിയിലേയ്ക്ക് മാറ്റുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്

31.10.2006ലെ കേന്ദ്ര സർക്കാരിൻെറ വിജ്ഞാപനം പ്രകാരം എൻഡോസൾഫാൻെറ ഉപയോഗം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

കേരളത്തെ മുഴുവനായും കീടനാശിനി വിമുക്ത മേഖലയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് സർക്കാരിൻെറ പ്രാഥമിക ഉത്തരവാദിത്വമാണെന്നും ബോധ്യത്തോടെയും നയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കുന്നതിൻെറ ആദ്യപടിയായി വിഷാംശം കൂടിയ കടുംചുവപ്പും കടും മഞ്ഞയും ലേബലുകളിലുള്ള കീടനാശിനികളുടെ വിതരണവും ഉപയോഗവും സൂചന (4) ലെ ഉത്തരവു പ്രകാരം കീടനാശിനിയുടെ ഉപയോഗത്താൽ കടുത്ത ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിച്ച കാസർകോഡ് ജില്ലയിൽ നിരോധിക്കുകയുണ്ടായി. നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കുന്നതായും ഇതുമൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായുള്ള വാർത്തകൾ ജനങ്ങൾക്കിടയിൽ കടുത്ത ആശങ്കകൾ ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അവരുടെ ആശങ്കകൾ ദൂരീകരിക്കേണ്ടതും പരിസ്ഥിതി ദോഷകരമാകാത്തതും ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമല്ലാത്തതുമായ കാർഷിക വിളവുകൾ ഉറപ്പാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. അതിനാൽ കൃഷിയിടങ്ങളിൽ കീടനാശിനികളുടെ വിവേചന രഹിതവും അനിയന്ത്രിതവുമായ

വിതരണവും ഉപയോഗവും തടയുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവാകുന്നു.

1 കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻെറ കുറുപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പന ശാലകളിൽ നിന്നു കീടനാശിനികൾ നൽകാവു.

2 വിളകളുടെ പേരും രോഗവും വ്യക്തമാക്കികൊണ്ട് ഏത് കീടനാശിനിയാണ് വേണ്ടതെന്നും (രാസനാമം ഉൾപ്പെടെ) എത്രഅളവിൽ ഉപയോഗക്കണമെന്നും കുറുപ്പടിയിൽ വ്യക്തമാക്കിയിരിക്കണം

3. കർഷകരുടെ വിളകൾ രോഗ ബാധയിൽ നിന്നും സംരക്ഷിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും, സസ്യ സംരക്ഷണ മാർഗ്ഗങ്ങളും , കരുതൽ നടപടി ഉൾപ്പെടെ നിർദ്ദേശിക്കുന്നതിനുള്ള ഉത്തരവാദിത്വം കൃഷി ഓഫീസർക്കായിരിക്കും

4. കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടി അനുസരിച്ച് മാത്രം മരുന്ന് വിതരണം ചെയ്യേണ്ടതും ആയതിൻെറ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പരിശോധനാ വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനക്ക് നൽകേണ്ടതുമാണ്.

5. മേലിൽ ലൈസൻസ് നൽകുമ്പോൾ ഇക്കാര്യം ഒരു നിബന്ധനയായി ചേർക്കേണ്ടതാണ്.

6. വീഴ്ചവരുത്തുന്ന ഡീലർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൃഷി വകുപ്പിലെ കൃഷിഭവൻ തലംമുതൽ മുകളിലേക്കുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഈ മാർഗ്ഗ നിർദ്ദേശം നൽകുന്നതിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

ഉടനടി പ്രാബല്ല്യത്തിൽ വരുന്ന ഈ ഉത്തരവ് നടപ്പാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ കൃഷി ഡയറക്ടർ ഉടൻ ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി ശോഭ
ജോയിൻറ് സെക്രട്ടറി

പ്രിൻസിപ്പൽ കൃഷി ഓഫീസർ മലപ്പുറം

കീഴെഴുത്ത് നം. ടിഎ(1)54/10 തി 28.02.2011

കത്തിൻെറ പകർപ്പ് എല്ലാ കൃഷി അസിസ്റ്റൻറ് ഡയറക്ടർമാർക്കും, കൃഷി ഓഫീസർമാർക്കും അടിയന്തിരമ നടപടി സ്വീകരിക്കുന്നതിനായി അയക്കുന്നു.

കൃഷി ഡപ്യൂട്ടി ഡയറക്ടർ (ഇ&ടി)
പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു വേണ്ടി